**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1624** **28-07-2021 - ൽ മറുപടിയ്ക്ക്**

## സംസ്ഥാന വനിതാ കമ്മീഷന്റെ വാർഷിക റിപ്പോർട്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന വനിതാ കമ്മീഷൻ നിയമം നിഷ്കർഷിക്കുന്ന വാർഷിക റിപ്പോർട്ട് വനിതാ കമ്മീഷൻ സർക്കാരിന് മുൻപിൽ സമർപ്പിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വർഷങ്ങളിലാണ് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2017-18 സാമ്പത്തിക വർഷം വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. |
| (ബി) | സംസ്ഥാന വനിതാ കമ്മീഷൻ കഴിഞ്ഞ അഞ്ചു വർഷത്തിൽ എത്ര നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരിക്കുന്നത്; ഇതിൽ എത്ര നിർദ്ദേശങ്ങൾ സർക്കാർ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ബി) | കഴിഞ്ഞ 5 വർഷത്തിനിടെ വനിതാ കമ്മീഷൻ സർക്കാരിലേക്ക് ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. (1) ഐ ടി മേഖലയിലെ സ്ത്രീ സുരക്ഷ സംബന്ധിച്ച നിർദേശങ്ങൾ (2) കേരളത്തിലെ മഹിളാ സംഘടനകൾ സമർപ്പിച്ച നിർദേശങ്ങൾ (3) 498 എ സംബന്ധിച്ച് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്മേലുള്ള നിർദേശങ്ങൾ (4) സ്ത്രീധന നിരോധന നിയമം സംബന്ധിച്ച ഭേദഗതി നിർദേശങ്ങൾ അതുകൂടാതെ, കഴിഞ്ഞ 5 വർഷത്തിനിടെ വനിതാ കമ്മീഷൻ ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ ഗവേഷണ പഠനം നടത്തി സർക്കാരിലേക്ക് ശുപാർശകൾ നൽകിയിട്ടുണ്ട്. 1. കേരളത്തിലെ കുറഞ്ഞുവരുന്ന ആൺ-പെൺ ശിശു അനുപാതം 2. കേരളത്തിലെ സ്ത്രീ സംരഭകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ 3. ഏകസ്ഥരായ സ്ത്രീകളുടെ പ്രശ്നങ്ങൾ 4. ജയിൽ ശിക്ഷ അനുഭവിച്ച സ്ത്രീകളുടെ പ്രശ്നങ്ങൾ 5. നൈറ്റ് ഡ്യൂട്ടി ചെയ്യേണ്ടിവരുന്ന വനിതാ ജീവനക്കാരുടെ പ്രശ്നങ്ങൾ 6. മാദ്ധ്യമങ്ങളിലെ സ്ത്രീ-സങ്കല്പം:- ടി വി സീരിയലുകളും പരസ്യങ്ങളും കൗമാരപ്രായക്കാരിൽ ചെലുത്തുന്ന സ്വാധീനം 7. കുട്ടികളിലെ മയക്കുമരുന്ന് ദുരുപയോഗം കേരള വനിതാ കമ്മീഷന്റെ മേൽ നിർദേശങ്ങൾ സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ